നമ്പർ: ക്യു.ഐ.പി/ 24000/08

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം. 6.1.2009

**സർക്കുലർ**

**വിഷയം:- പൊതു വിദ്യാഭ്യാസം - നിരന്തര മൂല്യനിർണ്ണയം- സ്കോർ വിലയിരുത്തൽ സംബന്ധിച്ച്:**

സൂചന:-
1. ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(പി) 254/04/പൊ.വി.വ തീയതി 6.8.2004
2. ജി.ഒ.(എം.എസ്) 298/04/പൊ.വി.വ തീയതി 24.9.2004
3. ജി.ഒ.(ആർ.റ്റി) 4817/05/പൊ.വി.വ തീയതി 14.10.2005

മേൽസൂചനകൾ പ്രകാരം 2008-09 അധ്യായനവർഷം 8,9,10 ക്ലാസ്സുകളിലെ തുടർമൂല്യനിർണയ പ്രവർത്തനങ്ങളുടെ ഫലപ്രഖ്യാപനം കൃത്യമായി നടത്തുകയുണ്ടായി. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ സ്കോറിനൊപ്പം നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറു കൂടി പരിഗണിക്കുന്നതിനാൽ കുട്ടികളുടെ സ്കോർ ശരിയായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുണ്ട്. അതിനാൽ മുൻ വർഷങ്ങളിലേതു പോലെ ഇപ്രാവശ്യവും സ്കൂളുകളിൽ ഫലപ്രദമായി സി.ഇ. മോണിറ്ററിംഗ് നടപ്പാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ഡി.ഇ.ഒ.മാർ ഉടനെ പൂർത്തിയാക്കേണ്ടതും സ്കോർ വിശകലനപത്രികകൾ ശേഖരിച്ച് **2010 ജനുവരി 18നകം dpiqipkerala@gmail.com** എന്ന ഇ-മെയിൽ അഡ്രസ്സിൽ അയച്ചു തരേണ്ടതുമാണ്. മോണിറ്ററിംഗുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

1. ജില്ലകളിൽ നിലവിലുള്ള ഒ.എസ്.എസ് അംഗങ്ങളെയും കോർ ഡി.ആർ.ജിമാരെയും ചുമതലപ്പെടുത്തി ജനുവരി 11ന് മുമ്പ് മോണിറ്ററിംഗ് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.
2. രണ്ട് അംഗങ്ങൾ വീതമുള്ള ടീമായാണ് (ഭാഷ, കോർ വിഷയം എന്നിവയ്ക്ക് ഒരാൾവീതം) മോണിറ്ററിംഗ് നടത്തേണ്ടത്.
3. കോർ ഡി.ആർ.ജി അംഗങ്ങൾ കുറവാണെങ്കിൽ അനുയോജ്യരായ റിസോഴ്സ് അധ്യാപകരെ ചേർത്ത് മോണിറ്ററിംഗ് ടീം സംഘടിപ്പിക്കേണ്ടതാണ്.
4. ഒരു ടീം ഒരു ദിവസം ചുരുങ്ങിയത് 2 വിദ്യാലയങ്ങളെങ്കിലും സന്ദർശിക്കണം. (സ്കൂളുകൾ തമ്മിലുള്ള അകലം, യാത്രാപ്രശ്നം, സ്കൂളിലെ കുട്ടികളുടെ എണ്ണം, ഇവ പരിഗണിച്ച് എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം.)
5. 8,9,10 ക്ലാസ്സുകളിലെ നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ വിലയിരുത്താനാണ് സന്ദർശനമെങ്കിലും ആദ്യഘട്ടമെന്ന നിലയിൽ ഇപ്പോൾ 10ാം ക്ലാസ്സിലെ സ്കോറുകൾ മാത്രം വിലയിരുത്തിയാൽ മതി. 10ാം ക്ലാസ്സിലെ ഫലങ്ങൾ രേഖപ്പെടുത്തുന്നതോടൊപ്പം 8,9 ക്ലാസ്സുകളിലെ പുരോഗതി കൂടി അന്വേഷിക്കേണ്ടതാണ്.
6. ഓരോ വിദ്യാലയത്തിനും പ്രത്യേക ഫോർമാറ്റുകൾ ഉപയോഗിക്കണം. ആവശ്യമായ ഫോട്ടോകോപ്പികൾ ഡി.ഇ.ഒ. തലത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.
7. വിദ്യാഭ്യാസജില്ലയിലെ സ്കൂളുകളുടെ എണ്ണത്തിനനുസരിച്ച് ജനുവരി 15നകം മോണിറ്ററിംഗ് പൂർത്തിയാകത്തക്ക വിധം ടീമുകളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്.

8. പ്രത്യേക ശ്രദ്ധ ആവശ്യമായ വിദ്യാലയങ്ങളിൽ ഡി.ഇ.ഒ.യുടെ നേതൃത്വത്തിൽ സന്ദർശനം നടത്തേണ്ടതാണ്.
9. ഡി.ആർ.ജിമാരുടെ ടീമിനൊപ്പം സംസ്ഥാനതല ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റിയിൽ പ്രാതിനിധ്യമുള്ള അദ്ധ്യാപക സംഘടനകളുടെ ജില്ലാതല പ്രതിനിധികളെയുംകൂടി ഉൾപ്പെടുത്തേണ്ടതാണ്. ജില്ലാതല യോഗം ചേരുമ്പോൾ ജില്ലയുടെ ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റിയെ കൂടി അറിയിക്കേണ്ടതാണ്. പ്രസ്തുത ഡയറ്റ് ഫാക്കൽറ്റി സന്ദർശന ദിവസങ്ങളിൽ റാണ്ടമായി സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്.
10. വിദ്യാലയങ്ങളിൽ നിന്നും ശേഖരിക്കുന്ന ഫോർമാറ്റുകൾ ഡി.ഇ.ഒ. ഓഫീസിൽ സൂക്ഷിക്കുകയും അതിന്റെ ക്രോഡീകരണം തന്നിരിക്കുന്ന ഇ-മെയിൽ അഡ്രസ്സിൽ 25/2/2010നകം അയയ്ക്കുകയും വേണം. (ഫോർമാറ്റുകൾ അനുബന്ധമായി നൽകിയിട്ടുണ്ട്. ക്രോഡീകരണ ഫോർമാറ്റ് ഓരോ വിഷയത്തിനും പ്രത്യേകം ഉപയോഗിക്കണം.)
11. സ്കൂളിൽ ഏറ്റവും ഉയർന്ന സ്കോർ കിട്ടിയവരുടെ പോർട്ട്ഫോളിയോ / രേഖകൾ, മോണിറ്ററിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. (നിശ്ചിത എണ്ണം). കൂടാതെ ഏറ്റവും താഴ്ന്ന സ്കോർ കിട്ടിയവരുടെ ബന്ധപ്പെട്ട രേഖകളും വിലയിരുത്തേണ്ടതാണ്.
12. ടീമിന്റെ സന്ദർശനവിവരം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

യാതൊരു പരാതിക്കും ഇടവരാത്ത രീതിയിൽ മോണിറ്ററിംഗ് പ്രവർത്തനം പൂർത്തിയാക്കി റിപ്പോർട്ട് ഈ ഓഫീസിലേക്ക് യഥാസമയം നൽകേണ്ടതുമാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

എല്ലാ ഡപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറ്റ് പ്രിൻസിപ്പൾമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

# നിരന്തരമൂല്യനിർണ്ണയം - വിശകലന പത്രിക (Format-I)

സ്കൂളിന്റെ പേര്:

വിദ്യാഭ്യാസ ജില്ല: ക്ലാസ്സ്: X കുട്ടികളുടെ എണ്ണം:.............................

| വിഷയം | സ്കോർ 10 ലഭി ച്ചവരുടെ എണ്ണം | സ്കോർ 9 ലഭി ച്ചവരുടെ എണ്ണം | 10 + 9 ആകെ | *എ+ ഗ്രേഡ് നേടിയവർ | സ്കോർ 8 ലഭി ച്ചവരുടെ എണ്ണം | *എ ഗ്രേഡ് നേടിയവർ | സ്കോർ 7 ലഭി ച്ചവരുടെ എണ്ണം | *ബി+ ഗ്രേഡ് നേടിയവർ | സ്കോർ 6 ലഭി ച്ചവരുടെ എണ്ണം | *ബി ഗ്രേഡ് നേടിയവർ | സ്കോർ 5 ലഭി ച്ചവരുടെ എണ്ണം | *സി+ ഗ്രേഡ് നേടിയവർ | സ്കോർ 4 ലഭി ച്ചവരുടെ എണ്ണം | *സി ഗ്രേഡ് നേടിയവർ | സ്കോർ 3 ലഭി ച്ചവരുടെ എണ്ണം | *ഡി+ ഗ്രേഡ് നേടിയവർ | സ്കോർ 3 ന് താഴെ ലഭിച്ചവർ | *ഡി, ഇ ഗ്രേഡ് നേടിയവർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മലയാളം/തമിഴ് / കന്നട | | | | | | | | | | | | | | | | | | | |
| അറബിക് | | | | | | | | | | | | | | | | | | | |
| ഉർദ്ദു | | | | | | | | | | | | | | | | | | | |
| സംസ്കൃതം | | | | | | | | | | | | | | | | | | | |
| മലയാളം II | | | | | | | | | | | | | | | | | | | |
| ഇംഗ്ലീഷ് | | | | | | | | | | | | | | | | | | | |
| ഹിന്ദി | | | | | | | | | | | | | | | | | | | |
| സാമൂഹ്യശാസ്ത്രം | | | | | | | | | | | | | | | | | | | |
| ഫിസിക്സ് | | | | | | | | | | | | | | | | | | | |
| കെമിസ്ട്രി | | | | | | | | | | | | | | | | | | | |
| ബയോളജി | | | | | | | | | | | | | | | | | | | |
| കണക്ക് | | | | | | | | | | | | | | | | | | | |
| ഐ.ടി. | | | | | | | | | | | | | | | | | | | |
| **ആകെ** | | | | | | | | | | | | | | | | | | | |

*അർദ്ധവാർഷിക പരീക്ഷയ്ക്ക് ലഭിച്ച റ്റി.ഇ സ്കോറുകളുടെ ഗ്രേഡാണ് ചേർക്കേണ്ടത്.

## സി.ഇ. മോണിറ്ററിംഗ്-ജില്ലാതല ക്രോഡീകരണം (Format-II)
(ഓരോ വിഷയത്തിനും പ്രത്യേകം)

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികളുടെ എണ്ണം | സി.ഇ. സ്കോർ ലഭിച്ച കുട്ടികളുടെ എണ്ണം | | | | | | | | | അർദ്ധവാർഷിക പരീക്ഷയിൽ ഗ്രേഡ് ലഭിച്ചവരുടെ എണ്ണം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 10 | 9 | 8 | ആകെ (10+9+8) | 7 | 6 | 5 | 4 | ആകെ (7+6+5+4) | A+ | A | ആകെ (A+,A) | B+ | B | C+ | C | ആകെ (B+,B,C+,C) | D+ | D | E | ആകെ ( D+,D,E) |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | |

ജില്ലാ വിദ്യാഭ്യാസ ഓഫീസർ